കരിക്കകം, കാച്ചാണി, കറ്റച്ചക്കോണം, മണ്ണന്തല എന്നിവിടങ്ങളിൽ വി.എച്ച്. എസ്. കോഴ്സ് അനുവദിക്കാൻ നടപടി

56 [1458] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറിൽപ്പരം സർക്കാർ സ്കൂളുകളിൽ വി. എച്ച്. എസ്. കോഴ്സ് അനുവദിക്കാൻ വിദ്യാഭ്യാസ വകുപ്പ് പദ്ധതി തയ്യാറാക്കിയിരുന്നോ ;

(ബി) ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കുമെന്ന് അറിയിക്കാമോ ;

(സി) ഏതെല്ലാം കോഴ്സുകളാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) തിരുവനന്തപുരം നഗരമേഖലയിലെ ഗവൺമെന്റ് സ്കൂളുകളായ കരിക്കകം, കാച്ചാണി, കറ്റച്ചക്കോണം, മണ്ണന്തല എന്നിവിടങ്ങളിൽ വി. എച്ച്. എസ്. കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തയ്യാറാക്കിയിരുന്നു.

(ബി) സംസ്ഥാന ഗവൺമെന്റ് നൽകിയ പ്രോജക്ട് പ്രൊപ്പോസൽ സംബന്ധിച്ച് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ വിശദീകരണങ്ങൾ ഉടനെ നൽകുന്നതാണ്. കേന്ദ്രഗവൺമെന്റ് പദ്ധതി അംഗീകരിച്ച് ഫണ്ട് റിലീസ് ചെയ്യുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി തുടങ്ങുന്നതാണ്.

(സി) കാലഘട്ടത്തിന് അനുയോജ്യമായതും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ളതുമായ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ വകുപ്പ് ആഗ്രഹിക്കുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി കോഴ്സുകൾ ആരംഭിക്കാൻ നടപടി

57 [1459] ശ്രീ. ജോണിനെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി കോഴ്സുകൾ പുതുതായി അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) എത്ര കോഴ്സുകളും സ്ക്കൂളുകളും അനുവദിക്കുന്നതിനുള്ള ഗ്രാന്റാണ് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എന്നത്തേക്ക് ഇക്കാര്യത്തിൽ നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി 100 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളുകളും (ഒരു സ്ക്കൂളിൽ രണ്ടു ബാച്ച് വീതം) നിലവിലുള്ള സ്ക്കൂളിൽ 200 അധിക ബാച്ചുകളും ആരംഭിക്കുവാനുള്ള അനുമതി തേടി 2002-03 വർഷം തന്നെ കേന്ദ്ര സർക്കാരിന് നിർദ്ദേശിക സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ അനുമതി ലഭിക്കാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(ബി) ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കേന്ദ്ര ഗവൺമെന്റ് പദ്ധതി അനുവദിക്കുകയും ഫണ്ട് റിലീസ് ചെയ്യുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കി തുടങ്ങുന്നതാണ്.

ഗവൺമെന്റ് എയ്ഡഡ് മേഖലകളിൽ പുതിയ ഹൈസ്ക്കൂൾ അനുവദിക്കാൻ നടപടി

58 [1460] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് എയ്ഡഡ് മേഖലകളിൽ പുതിയ ഹൈസ്ക്കൂളുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളാണ് പരിഗണന യിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) & (ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly